ആലത്തൂർ മണ്ഡലത്തിലെ അംഗൻവാടികൾ

55 [509] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ എണ്ണത്തിന്റെ കണക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(സി) ഇവയിൽ പലതും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാത്തവയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് അംഗൻവാടി കെട്ടിടനിർമ്മാണം, ടോയ്‌ലറ്റ്, കുടിവെള്ളം, പാചക പാത്രങ്ങൾ, ശിശുസൗഹൃദ ടോയ്‌ലറ്റുകൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ അംഗൻവാടി കേന്ദ്രങ്ങൾക്ക് ലഭ്യമാക്കുന്ന നടപടികൾ കൈക്കൊണ്ടു വരുന്നു.

(ബി)

ആലത്തൂർ	..	13
കണ്ണാടി	..	13
പുതുക്കോട്	..	10
കാവശ്ശേരി	..	15
കിഴക്കഞ്ചേരി	..	16
വടക്കഞ്ചേരി	..	17
മേലാർകോട്	..	15
വണ്ടാഴി	..	16
മൊത്തം	..	115

(സി) ഉണ്ട്.

(ഡി) ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ മുഖേന ഇവയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly